അന്ധ—ബധിര വിദ്യാലയത്തിലെ അദ്ധ്യാപകരുടെ പുതുക്കിയ ശമ്പളസ്കെയിൽ.

*1705. [21] ശ്രീ. ററി. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ധ—ബധിര വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർക്ക് പുതുക്കിയ ശമ്പളസ്കെയിൽ അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ബി) കുന്നംകുളം അന്ധ—ബധിര വിദ്യാലയത്തിലെ അദ്ധ്യാപകന്മാർക്ക് പുതുക്കിയ സ്കെയിൽ കൊടുക്കാതിരിക്കാൻ കാരണമെന്ത് ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) അന്ധ—ബധിര വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് നിശ്ചിതയോഗ്യതയില്ലാത്തതുകൊണ്ട് പുതുക്കിയ ശമ്പളസ്കെയിൽ അനുവദിച്ചിട്ടില്ല.

(ബി) എ-യുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ ശമ്പളം കൊടുക്കാത്തതിൻറെ കാരണം ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ : കുന്നംകുളം അന്ധ—ബധിര വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരിൽ നിശ്ചിതയോഗ്യതയുള്ളവർ ഉണ്ടായിരുന്നിട്ടും പുതുക്കിയ ശമ്പള സ്കെയിൽ അനുവദിച്ചിട്ടില്ലെന്ന അറിയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെയുള്ളതായി അറിവില്ല. ചൂണ്ടിക്കാണിച്ചാൽ അതേപ്പറ്റി അന്വേഷിക്കാം.

തടവുകാർ.

*1706. [22] ശ്രീ. കെ. കുഞ്ഞാമു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേററിലുള്ള ഓരോ ജയിലുകളിലും സബ് ജയിലുകളിലുംകൂടി ആകെ എത്ര തടവുകാരുണ്ട് ;

(ബി) ഇതിൽ പുരുഷന്മാരെത്ര ; സ്ത്രീകളെത്ര; കുട്ടികളെത്ര ;

(സി) ജീവപര്യന്തം ശിക്ഷിക്കപ്പെട്ടവരുടെ എണ്ണമെത്ര ;

(ഡി) കണ്ണൂർ സെൻറർ ജയിലിലെ തടവുകാരിൽനിന്നു ഗവണ്മെൻറിനു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണെന്നു പറയുവാൻ മയമുണ്ടാകുമോ ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) 3,059.

(ബി) പുരുഷന്മാർ — 2,932
സ്ത്രീകൾ — 127
കുട്ടികൾ — ഇല്ല.

(സി) 514.

(ഡി) അവരുടെ അപേക്ഷകൾ താഴെ പറയുന്നവയായിരുന്നു.

(1) ജീവപര്യന്തം തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടവർക്ക് 7 കൊല്ലത്തിൽ കൂടുതൽ ശിക്ഷയനുഭവിക്കാൻ ഇടവരരുത്.

LIBRARY ARCHIVES Kerala Legislative Assembly

(2) ജീവപര്യന്തം തടവു 14 കൊല്ലമാക്കണം.

(3) അഡ്വൈസറി ബോർഡിന്റെ ശുപാർശയനുസരിച്ച് വിട്ടയയ്ക്കുന്നവരെ നിരുപാധികമായി വിട്ടയയ്ക്കണം.

(4) മനുഷ്യനെ അധർമ്മസമ്പന്നനാക്കുന്നതിനുപകരം അവനെ നശിപ്പിക്കാനുള്ള ഉപാധിയായിട്ട് ജയിലുകളെ വച്ചുകൊണ്ടിരിക്കരുത്. അതിനനുസരണമായ ഭേദഗതികൾ കൊണ്ടുവരണം.

(5) സ്റ്റേറുകൾ തമ്മിലുള്ള പരസ്പരധാരണകളുടെ അടിസ്ഥാനത്തിൽ ഈ സ്റ്റേറിൽ ശിക്ഷിക്കപ്പെട്ടുന്ന തടവുകാരെ അവരവരുടെ നാട്ടിലുള്ള ജയിലുകളിലേയ്ക്കും മറ്റു സ്റ്റേറുകളിൽ ശിക്ഷിക്കപ്പെട്ടുന്നവരെ ഇവിടെയുള്ള ജയിലുകളിലേയ്ക്കും മാറ്റം ചെയ്യുന്നുണ്ട്. അങ്ങനെ മാറ്റം ചെയ്യപ്പെട്ടുന്നവരെ സംബന്ധിച്ചിടത്തോളമുള്ള പരിപൂർണ്ണാവകാശം അവരവരുടെ സ്വദേശങ്ങളിലുള്ള ഗവണ്മെൻറുകൾ ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

(6) മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്ന ഏതെങ്കിലും ശിക്ഷയിളവുകൾ നിർത്തൽ ചെയ്തിട്ടുണ്ടെങ്കിൽ, ആ കൽപ്പന പിൻവലിക്കണം.

(7) പരോൾ അവധി പരമാവധി മൂന്നുമാസമാക്കണം. അതിനു് ആയിരം ഉറപ്പിക്കുന്നു് രണ്ടു ജാമ്യക്കാർ മതി എന്നാക്കണം.

(8) പരോൾ അവധി അനുവദിക്കുന്നതിനു തടവുകാർ അനുഭവിച്ചിട്ടുള്ള ശിക്ഷ 3 കൊല്ലമായിരിക്കണമെന്നുള്ളതു് ഒന്നര കൊല്ലം എന്നാക്കണം.

(9) തടവുകാരൻ രണ്ടുതവണ പരോളിൽ പോയിക്കഴിഞ്ഞാൽ പിന്നീടു് അയാളെ സ്വന്ത ജാമ്യത്തിൽ അയയ്ക്കണം.

ശ്രീ. കെ. കുഞ്ഞാമ്പു : സർ, നിവേദനത്തിൽ അവർ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളും വല്ലതും ഗവണ്മെൻറു് ഇതുവരെ അനുവദിച്ചുകൊടുത്തിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : നിവേദനം കിട്ടുന്നതിനു മുൻപുതന്നെ ചില കാര്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ടു്. മുഴുവൻ കാര്യങ്ങളും ഗവണ്മെൻറിനു ചെയ്യാൻ സാധ്യമല്ല നിവേദനം തിരസ്കരിക്കയാണുണ്ടായതു്. കാരണം അതൊരു ശരിയായ നിവേദനമായിരുന്നില്ല.

ശ്രീ. ടി. കൃഷ്ണൻ : ജീവപര്യന്തം തടവുശിക്ഷയനുഭവിക്കുന്നവരുടെ കൂട്ടത്തിൽ ഹരിജനങ്ങളും ഉൾപ്പെടുമോ ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെയൊരു കണക്കു ശേഖരിച്ചിട്ടില്ല.

ശ്രീ. ടി. കൃഷ്ണൻ : കൊട്ടാരക്കര ഐ. എൻ. ടി. യു. സി. കേസിൽ പ്രതികളായ ജോസഫ് എന്നും ഗോവിന്ദനെന്നും രണ്ടു പ്രതികളെ ജീവപര്യന്തം ശിക്ഷിച്ചിട്ടുള്ളതു് ഏതുകാരണത്താലാണെന്നു് ഗവണ്മെൻറു് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ഗവണ്മെൻറു് അതേപ്പറ്റി അന്വേഷിച്ചിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : സ്റ്റേറിലെ ജയിലുകളിലൊക്കെ ധാരാളം ഓവർക്രൗഡിംഗുണ്ടെന്നുള്ളതുകൊണ്ടു് ആ ഓവർക്രൗഡിംഗിനനുസരിച്ചു് ഇനിയും കൂടുതൽ സ്ഥലസൗകര്യമുണ്ടാക്കാനാലോചനയുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ഓവർക്രൗഡിംഗില്ല. സ്ഥലമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പൗലോസ് : തടവുകാർ അയച്ച നിവേദനം തിരസ്കരിക്കാനുണ്ടായ കാരണം അതു് അണ്കാൺസ്റ്റിറ്റ്യൂഷനലായതുകൊണ്ടാണെന്നു പറഞ്ഞു. അങ്ങനെയുള്ള നിവേദനം അയക്കാണ്ടു് കിട്ടിയതു് ?

ശ്രീ. സി. അച്യുതമേനോൻ : നിവേദനമല്ല ; ഐ. ജി.ക്കു കിട്ടിയ ഒരു കത്താണ്ടു്. അതു് പ്രാപ്പർചാനലിൽക്കൂടെയല്ല അയച്ചതും.

ശ്രീ. ഇ. പി. പൗലോസ് : ഐ. ജി.ക്കു് കിട്ടിയ ആ കത്തു് ആരയച്ചുവെന്നു ഐ. ജി.യേക്കൊണ്ടു് അന്വേഷിപ്പിക്കാൻ ഗവണ്മെൻറു തയ്യാറായോ ?

ശ്രീ. സി. അച്യുതമേനോൻ : അന്വേഷിക്കേണ്ട. ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ് : തടവുകാരെ കൂടുതലായി ഇടാൻ സൗകര്യമുണ്ടാക്കുന്നുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ഇപ്പോൾ കൂടുതൽ സൗകര്യമുണ്ടാക്കേണ്ട ആവശ്യമില്ല. എമർജൻസി വല്ലതുമുണ്ടായാൽ ആവശ്യമാണെങ്കിൽ അതിനു് കളക്ടർമാർക്കു് അധികാരമുണ്ടു്.

ശ്രീ. എം സി. ഏബ്രഹാം : ജയിലുകളിലെ സൗകര്യം കുറയ്ക്കാൻ ആലോചനയുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ഇല്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : പരോൾ അനുവദിക്കുന്നതു് ആരാണു് ?

ശ്രീ. സി. അച്യുതമേനോൻ : ഗവണ്മെൻറാണു്.

ശ്രീ. ജാർജ്ജ് ജോസഫ് പൊടിപ്പാറ : ജീവപര്യന്തം ശിക്ഷിക്കപ്പെട്ടവർ എത്രപേർ പരോളിൽ പോയിട്ടുണ്ടു് ?

ശ്രീ. സി. അച്യുതമേനോൻ : നോട്ടീസുവേണം.

ശ്രീമതി കുസുമം ജോസഫ് : ജയിലുകളിൽ പണിയെടുക്കുന്നവർക്കു് അർഹിക്കുന്ന കൂലി കൊടുക്കുന്നില്ലെന്നു് പരാതിയുള്ളതായി അറിയാമോ ?

ശ്രീ. സി. അച്യുതമേനോൻ : അതു ശരിയല്ല. മുൻഗവണ്മെൻറു അങ്ങനെ ചെയ്തിട്ടുണ്ടായിരിക്കാം. ഈ ഗവണ്മെൻറു കൂലികൊടുക്കുന്ന ഇനത്തിൽ കഴിഞ്ഞ വർഷം 30,000 രൂപ അധികവാക്കിട്ടുണ്ടെന്നു് ഇവിടെ ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞിട്ടുണ്ടു്.

ശ്രീമതി കുസുമം ജോസഫ് : ചില സെക്ഷനുകളിൽ ജോലിചെയ്യുന്ന തടവുകാർക്കു് അർഹിക്കുന്ന കൂലി കിട്ടുന്നില്ലെന്നു് അവർ തന്ന എന്നോടു പരാതിപ്പെട്ടിട്ടുണ്ടു്.

ശ്രീ. സി. അച്യുതമേനോൻ : ജയിൽസന്ദർശകൻ എന്ന നിലയിൽ ബഹുമാനപ്പെട്ട മെംബർക്കു് വല്ല വിവരവും കിട്ടിയിരുന്നെങ്കിൽ അതു ഗവണ്മെൻറിനെ അറിയിക്കേണ്ടതായിരുന്നു. ഗവണ്മെൻറിനു് അങ്ങനെ പരാതി കിട്ടിയിട്ടില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ : ഈ ഗവണ്മെൻറു വന്നതിനുശേഷമല്ല മുൻ ഗവണ്മെൻറുകളും പുള്ളികൾക്കു കൂലി നിശ്ചയിച്ചിട്ടുണ്ടു്. അതൊക്കെ കുറവായിരുന്നിരിക്കാം. പോകുന്നഅവസരത്തിൽ തന്നിച്ചു കൊടുക്കാം.

ശ്രീ. സി. അച്യുതമേനോൻ : അന്നു കൂലി കൊടുക്കാറുണ്ടായിരുന്നു. വല്ലതും നാലണയോ ആറണയോ കിട്ടും. ഇന്നു കുറേക്കൂടെ ലിബറലായിട്ടുള്ള ഒരു സമീപനമാണു് വേണ്ടതെന്നനിലയിൽ കൂലി കൂട്ടിക്കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജാർജ്ജ് : നിയമസഭയിൽ പ്രശസ്തിപത്രം കൊടുക്കുന്ന സ്ഥലത്തു് പരോളിൽ പോയിട്ടുള്ള ആരും ഒരു പ്രശസ്തിപത്രിയുടെ നിലയിൽ പ്രത്യക്ഷപ്പെട്ട എന്നു പത്രങ്ങളിൽ വന്നിട്ടുള്ളതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : പരോളിൽവിട്ടവർ എവിടെയെല്ലാം പോകാമെന്നുള്ള കാര്യം എന്താണെന്നു ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. ഏതായാലും കാളിനു വിരോധമായി ഒന്നും ചെയ്തിട്ടില്ലെന്നു ഞാൻ സഭയെ അറിയിക്കാനാഗ്രഹിക്കുന്നു.

ശ്രീ. കെ. എം. ജാർജ്ജ് : പരോളിൽ അയയ്ക്കുന്നതു സാധാരണ സ്വന്തം ആവശ്യങ്ങൾക്കല്ലാതെ—അതായതു് തന്റെ ബന്ധുക്കളുടെയോ മറ്റോ സുഖമില്ലാത്തതിനായാലോ അല്ലെങ്കിൽ അത്യാപത്തുള്ള സ്വകാര്യങ്ങൾക്കോ അല്ലാതെ, രാജ്യന്ത്രമുള്ള പൊതുക്കാര്യങ്ങളിലോ ഈ മാതിരിയുള്ള സ്ഥലങ്ങളിലോ ഭാഗഭാക്കാകുന്നതിനു വിടാറുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : പരോളിൽ അയയ്ക്കുന്നതുസംബന്ധിച്ചുള്ള കാര്യം—പരോളിൽ പോകുന്നയാൾക്കു് വേണ്ട നിയന്ത്രണങ്ങളും—എന്തെല്ലാമാണെന്നു കൃത്യമായി നോക്കിയിട്ടില്ല.

ശ്രീ. കെ. എം. ജാർജ്ജ് : ഏതെങ്കിലും തടവുകാരിൽ പരോളിൽ വിട്ട ആരും നിയമസഭയിൽ പ്രശസ്തിപത്രിയായി വരുകയും അങ്ങനെ വരുന്നതു ശരിയല്ലെന്നു കാണുകയുംചെയ്താൽ കാളിനു വിരുദ്ധമാണെങ്കിൽ അയാളുടെ പരോൾ കാൻസൽചെയ്യാൻ നടപടിയെടുക്കുമോ ?

ശ്രീ. സി. അച്യുതമേനോൻ : കാളിനു വിരുദ്ധമാണെങ്കിൽ അങ്ങനെ ചെയ്യും.

ശ്രീ. തോമസ് ജാൺ : തടവുശിക്ഷയനുഭവിക്കുന്നവരെ പരോളിൽ വിട്ടു് അവർക്കു് എല്ലാ പബ്ലിക്കുചടങ്ങുകളിലും പങ്കുകൊള്ളാൻ സൗകര്യം ചെയ്തുകൊടുക്കുന്നതുകൊണ്ടു് ഈ തടവുശിക്ഷ ഒരു പ്രഹസനംമാത്രമാണെന്നും എന്തുക്രമം കാണിക്കാനും അവർക്കു പ്രോത്സാഹനം നൽകുകയല്ലേ ചെയ്യുന്നതെന്നും അവർ വെളിയിൽ വന്നു സ്റ്റഡിക്ലാസ്സുകളും നടത്തുന്നുണ്ടെന്നും ഗവണ്മെൻറിനറിയാമോ ?

ശ്രീ. സി. അച്യുതമേനോൻ : അതു ശരിയാണെന്നു തോന്നുന്നില്ല. വെളിയിൽവന്ന ആരും സ്റ്റഡീക്ലാസ്സുകളും നടത്തുന്നില്ല. അകത്തുവച്ചു് ചില സ്റ്റഡീക്ലാസ്സുകളൊക്കെ തടവുകാർ നടത്താറുണ്ടെന്നേ ബഹുമാനപ്പെട്ട എല്ലാ മെമ്പർമാർക്കും അറിയാമല്ലോ.

ശ്രീ. തോമസ് ജാൺ : തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടവർ ശിക്ഷയനുഭവിച്ചശേഷം വെളിയിൽപോയി സ്റ്റഡിക്ലാസ്സുകളും കൊടുക്കുന്നതുമൂലം ശിക്ഷ അനുഭവിച്ചാലും സ്വാതന്ത്ര്യത്തിനു കുറവില്ലെന്നുള്ള കാരണത്താൽ കൂടുതൽ കുറങ്ങളും ചെയ്യുന്നുണ്ടെന്നും അതുകൊണ്ടു് കുറവാളികളെ ഇങ്ങനെ സ്വതന്ത്രമായി വിടുന്നതു തെറ്റാണെന്നും ഗവണ്മെൻറിനറിയാമോ ?

ശ്രീ. സി. അച്യുതമേനോൻ : കുറവും ശിക്ഷയേയും സംബന്ധിച്ചു ബഹുമാനപ്പെട്ട മെമ്പർക്കുള്ള അഭിപ്രായങ്ങളല്ല ഞങ്ങൾക്കുള്ളതു്. ഒരാൾക്കു കഠിനമായ ശിക്ഷ നൽകി കഷ്ടപ്പെടുത്തിയല്ല മാനസികപരിവർത്തനം വരുത്തേണ്ടതു്.

ശ്രീ. ആർ. സുശീലൻ : ജീവപര്യന്തം ശിക്ഷയനുഭവിക്കുന്ന ഒരാൾക്കു പരോളിൽ വന്നാൽ സിനിമാകാണാൻ സൗകര്യമുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : അതേപ്പറ്റിയുള്ള കാര്യങ്ങളൊന്നും എനിക്കറിഞ്ഞുകൂടെന്നു ഞാൻ പറഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം : ജയിൽപുള്ളികൾക്ക് അകത്തു ക്ലാസ്സുനടത്താമെന്നു പറഞ്ഞല്ലോ. രാഷ്ട്രീയകാര്യത്തെസംബന്ധിച്ചാണോ ? അങ്ങനെ കൊടുക്കുന്നതിനു ഈ ഗവണ്മെൻറംഗീകാരം നൽകുന്നുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : സാധാരണയുള്ള അറിവുവച്ചുകൊണ്ടു പറഞ്ഞതാണു്. അതിനംഗീകാരമൊന്നുമില്ല.

ശ്രീ. സി. എ. മാത്യു : പരോളിൽ വിടുന്ന ആളെ സ്റ്റേറകാറിൽ കൊണ്ടുപോയി വിടാറുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : നോട്ടീസുകൂടാതെ മറുപടി പറയാൻ പ്രയാസമാണു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള : പരോളിൽവിട്ട തടവുകാരൻ നിയമസഭയിൽ സ്പീക്കറുടെ കസേരയ്ക്കടുത്തുവന്നിരുന്ന എന്നു ശ്രീ. മന്നത്തുപത്മനാഭൻ പ്രസംഗിച്ചതായി പത്രത്തിൽ വന്നിട്ടുള്ളതു ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : പത്രങ്ങളിൽ അങ്ങനെവന്നിരിക്കാം. ശ്രദ്ധയിൽപെട്ടിട്ടില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : പ്രശസ്താതിഥികൾ ഇരിക്കാറുള്ള ഗ്യാലറിയിൽ ഏതോ തടവുകാരൻ വന്നു എന്നുപറയുന്നു. പേരൊന്നും പറയുന്നുമില്ല. ഇതാരാണെന്നൊന്നു പറയാമോ ? ആ മനുഷ്യനാരാണെന്നു പറയാൻ ആകെങ്കിലും മയവുണ്ടാകുമോ ?

ശ്രീ. ടി. കെ. കൃഷ്ണൻ : പായിൻറ ആഫ് ആർഡർ. ഒരാളെ ഗ്യാലറിയിൽ ഇരിക്കാൻ അനുവദിക്കുന്നതിനും അതിനനുവാദം കൊടുക്കുന്നതിനും മറ്റുമുള്ള അധികാരം ബഹുമാനപ്പെട്ട സ്പീക്കർക്കുള്ളതാണു്. അതിനെസംബന്ധിച്ചുള്ള ചോദ്യങ്ങൾ അനുവദിക്കുന്നതല്ല.

ശ്രീ. സി. എ. മാത്യു : പരോളിൽപോയ ആളിനു ഇവിടെ വന്നു് ഇരിക്കാൻ അനുവാദം കൊടുത്തിട്ടുണ്ടോ എന്നാണു് ചോദിച്ചതു്. അങ്ങു് അനുവാദം കൊടുത്തതിനെപ്പറ്റി ഞങ്ങൾക്കു പരാതിയില്ല.

മി. സ്പീക്കർ : ഏതായാലും ഇതു വളരെയധികം തെറ്റിദ്ധാരണകൾ ഇതുസംബന്ധിച്ചു് പരന്നിട്ടുള്ളതായി തോന്നുന്നു. അതുകൊണ്ടു് തെറ്റിദ്ധാരണ ഒഴിവാക്കാൻവേണ്ടി സത്യം ധരിപ്പിക്കേണ്ട ഒരു ചുമതല എനിക്കുണ്ടു്. ഒരൊറ്റ തടവുകാരനുപോലും പാസുകൊടുക്കാൻ—ഗ്യാലറിയിലുള്ള പാസുപോലും കൊടുക്കാൻ—ഞാൻ അനുവാദം കൊടുത്തിട്ടില്ല അങ്ങനെ പരോളിൽ വിട്ട ഒരു തടവുകാരൻ ഡിസ്റ്റിംഗ്വിഷ്ഡ് വിസിറേഴ്സിൻെറ ഗ്യാലറിയിൽ ഇരുന്നിട്ടില്ലെന്നു ഖണ്ഡിതമായി എനിക്കു പറയാൻ സാധിക്കും. കാരണം ഡിസ്റ്റിംഗ്വിഷ്ഡ് വിസിറേഴ്സിനുള്ള ഗ്യാലറിയിലേക്കുള്ള പാസ്സുകൾ കൊടുത്തതു ഞാൻ നേരിട്ടാണു്. അതു ഞാൻ ഒരൊറ്റ തടവുകാരനും കൊടുത്തിട്ടില്ല; സ്പീക്കേഴ്സ് ഗ്യാലറിയിലോ മറ്റു ഗ്യാലറിയിലോ പാസ്സു കൊടുക്കുന്നതിനുള്ള അധികാരം എം. എൽ. എ.മാർക്കുള്ളതാണു്. മനഃപൂർവ്വം ഒരു പരിഭ്രമമായി തെറ്റിദ്ധാരണ പരത്തുന്നതിനുവേണ്ടിയാണു് ഇത്തരം പ്രസ്താവന ചെയ്യുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ശ്രീ. എം. എം. മത്തായി : കൊടുകുളങ്ങര വാസുപിള്ള മന്ത്രിമാരുടെ കാറുകളിൽ സഞ്ചരിച്ചിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. വിശ്വനാഥൻ : കൊടാകുളങ്ങര വാസുപിള്ള ഇവിടെ വന്നിരുന്ന ദിവസം എന്റെ അടുത്തു് ഒരാൾ പറഞ്ഞു വാസുപിള്ള ഡിസ്റ്റിംഗ്വിഷ്ഡ് ഗ്യാലറിയിൽ വന്നിരുന്നുവെന്നു്. എനിക്കു് ആളിനെ അറിഞ്ഞുകൂടാ. ഒരുപക്ഷേ പറഞ്ഞയാളിനു തെറ്ററിയിരിക്കാം. അതേപ്പറ്റി ഒരന്വേഷണം നടത്തുമോ ?

ശ്രീ. സി. അച്യുതമേനോൻ : ഗവണ്മെന്റിനു് അന്വേഷിക്കേണ്ട കാര്യമില്ല.

ശ്രീ. ടി. ഒ. ബാവ : ഒരു ഡിസ്റ്റിംഗ്വിഷ്ഡ് വിസിറ്റർക്കു കൊടുത്ത പാസ് കൈമോശം വരികയും അതുമായി ഒരു കുള്ളപ്പുള്ളി ഇവിടെ വന്നിരിക്കുകയും ചെയ്യാൻ സാധ്യതയില്ലേ ?

മി. സ്പീക്കർ : ആർഡർ, ആർഡർ. അടുത്ത ചോദ്യം.

എണ്ണയാട്ടുസഹകരണസംഘങ്ങളുടെ വക പണം അപഹരിച്ചതായി പരാതി.

✱ 1707. [23] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എണ്ണയാട്ടുസഹകരണസംഘങ്ങളുടെ വക 12000 രൂപ കയ്യൂർ ഓട്ടുപോസ്റ്റിലെ ഒരു പോലീസ് കാൺസ്റ്റബിൾ അപഹരിച്ചതായി വല്ല പരാതിയും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) കടയ്ക്കൽ, അഞ്ചൽ, വിതുര, ചടയമംഗലം എന്നീ സ്ഥലങ്ങളിലുള്ള നാല് സഹകരണസംഘങ്ങൾക്കു് ലോണും ഗ്രാന്റുമായി അനുവദിച്ചുകയായിരുന്ന ഇരുവിധം അപഹരിച്ചതെന്നു പറയുന്നതു ശരിയാണോ ;

(സി) അതേപ്പറ്റിയുള്ള അന്വേഷണങ്ങൾ വല്ലതും പൂർത്തിയായിട്ടുണ്ടോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ) അപഹരിച്ചതായി പരാതിയില്ല. ഒരു പോലീസ് കാൺസ്റ്റബിൾ ഇതിൽ ഉൾപ്പെട്ടതായി പരാതിയുണ്ടു്. അന്വേഷണം നടത്തിവരികയാണു്.

(ബി) അന്വേഷണം പൂർത്തിയാകാതെ പറയാൻ നിവർത്തിയില്ല.

(സി) ഇല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : അപഹരണമുണ്ടോ എന്നാണു് ചോദ്യം.

ശ്രീ. കെ. പി. ഗോപാലൻ : അന്വേഷണം പൂർത്തിയാകാതെ അപഹരണമുണ്ടോ ഇല്ലയോ എന്നു പറയാൻ നിവർത്തിയില്ല.

ആശുപത്രി വാർഡറന്മാർ.

✱ 1708. [24] ശ്രീ. തോമസ് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തെ ആശുപത്രികളിൽ എത്ര വാർഡറന്മാരുണ്ടു് ;

(ബി) ഒരു വാർഡറാകുന്നതിനു പ്രത്യേക യോഗ്യതയെന്തു് ;

(സി) ഒരു വാർഡറും അറ്റൻഡറും തമ്മിലുള്ള യോഗ്യതാവ്യത്യാസമെന്തു് ?

(ഡി) ഇവരിൽ ശമ്പളം കൂടുതൽ ആർക്കാണു് കൂടുതൽ ?

LIBRARY ARCHIVES Kerala Legislative Assembly